പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 6219 — 31.10.2011-ൽ മറുപടിയ്ക്ക്

മീറ്റർ വാടക.

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റ്റി. എ. അഹമ്മദ് കബീർ : | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പ് മന്ത്രി) | |
| (എ) | ഇലക്ട്രിസിറ്റി ബോർഡ് ഉപഭോക്താക്കൾക്ക് നൽകുന്ന മീറ്ററിന്റെ മൂല്യം എത്രയെന്ന് വ്യക്തമാക്കുമോ ; | (എ) | സിംഗിൾ ഫേസ് എൽസിഡി മീറ്ററുകൾ 665.32 രൂപയ്ക്കും ത്രീഫേസ് എൽസിഡി മീറ്ററുകൾ 2212.29 രൂപയ്ക്കും ബോർഡ് വാങ്ങി വരുന്നു. |
| (ബി) | മീറ്ററിന്റെ മൂല്യത്തിന് തത്തുല്യമായ തുക മീറ്റർ വാടക ഇനത്തിൽ അടച്ചുകഴിഞ്ഞ ഉപഭോക്താക്കൾക്ക് വാടക ഒഴിവാക്കി കൊടുക്കുന്ന കാര്യം പരിഗണിക്കുമോ ; | (ബി) | ഇലക്ട്രിസിറ്റി നിയമം, 2003 വകുപ്പ് 45(3) (b) പ്രകാരം ഡിസ്ട്രിബ്യൂഷൻ ലൈസൻസികൾ സ്ഥാപിച്ചിട്ടുള്ള വൈദ്യുതി മീറ്ററുകൾക്ക് മീറ്റർ വാടക ഈടാക്കുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ അംഗീകരിച്ചിട്ടുള്ള നിരക്കുകളാണ് മീറ്റർ വാടകയായി ഈടാക്കുന്നത്. വൈദ്യുതി ബോർഡ് സ്വന്തം ചെലവിൽ സ്ഥാപിച്ചിട്ടുള്ള മീറ്ററുകൾക്കാണ് മീറ്റർ വാടക ഈടാക്കുന്നത്. ഇത്തരത്തിൽ സ്ഥാപിച്ചിട്ടുള്ള മീറ്ററുകൾ കേടാകുന്ന പക്ഷം അവ മാറ്റി സ്ഥാപിക്കേണ്ട ചുമതല ബോർഡിൽ നിക്ഷിപ്തമാണ്. ആയതിനാൽ മീറ്റർ വാടക ഒഴിവാക്കി കൊടുക്കുന്ന കാര്യം പരിഗണിക്കുവാൻ നിർവ്വാഹമില്ല. |
| (സി) | ഇല്ലെങ്കിൽ ഉപഭോക്താക്കൾക്ക് മൊത്തം തുക അടച്ച് മീറ്റർ വാങ്ങിക്കാനുള്ള സൗകര്യം ഏർപ്പെടുത്തുമോ ? | (സി) | ചില നിബന്ധനകൾക്ക് വിധേയമായി ഉപഭോക്താവിന് സ്വന്തംചെലവിൽ മീറ്റർ വാങ്ങി സ്ഥാപിക്കാനുള്ള സൗകര്യം വൈദ്യുതി ബോർഡിൽ ഇപ്പോഴും നിലവിലുണ്ട്. ഇത്തരത്തിൽ ഉപഭോക്താവിന്റെ ചെലവിൽ സ്ഥാപിച്ചിട്ടുള്ള മീറ്ററുകൾക്ക് മീറ്റർ വാടക ഈടാക്കാറില്ല. |

സെക്ഷൻ ഓഫീസർ.